ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2002-2003-ലെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും (ജി.എസ്.ഡി.പി) ആളോഹരി വരുമാനവും താഴെ കാണും പ്രകാരമാണ്.

	കറന്റ് പ്രൈസ്		കോൺസ്റ്റന്റ് പ്രൈസ്	
വർഷം	മൊത്ത വരുമാനം (ലക്ഷത്തിൽ)	ആളോഹരി വരുമാനം (രൂപയിൽ)	മൊത്ത വരുമാനം (ലക്ഷത്തിൽ)	ആളോഹരി വരുമാനം (രൂപയിൽ)
2002-03	8114577	25078	4227152	13064

റവന്യൂകമ്മിയിലെ വർദ്ധനവ്

9(1285) ശ്രീ. എം. മുരളി:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ കമ്മി എത്ര യായിരുന്നു; അത് സ്റ്റേറ്റിന്റെ ജി.ഡി.പി.-യുടെ എത്ര ശതമാനമായിരുന്നു;

(ബി) നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവ യഥാ ക്രമം എത്ര വീതമായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി.-യുടെ ശതമാനവും താഴെ കാണും പ്രകാരമാണ്.

വർഷം	റവന്യൂ കമ്മി	ഡി.എസ്.ഡി.പി ശതമാനം
1996-97	643.03	1.45
1997-98	1122.91	2.27
1998-99	2029.96	3.61
1999-2000	3624.21	5.79
2000-01	3147.06	4.51

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ റവന്യൂ കമ്മിയും ജി.എസ്.ഡി.പി. ശതമാനവും താഴെ കാണും പ്രകാരമാണ്.

വർഷം	റവന്യൂ കമ്മി	ഡി.എസ്.ഡി.പി ശതമാനം
2001-02	2605.64	3.60
2002-03	4122.16	5.09
2003-04	3880.30	4.08
2004-05	3668.92	3.65
2005-06	വർഷാന്ത്യത്തിലേ കണക്കുകൾ ലഭ്യമാകുകയുള്ളൂ	

വാർഷിക പദ്ധതിയിൽ വരുത്തിയിരുന്ന വെട്ടിക്കുറവ്

10(1286) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്ര തുകയുടെ വാർഷിക പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇക്കാലയളവിൽ ഓരോ വർഷവും പദ്ധതിയിൽ എത്ര തുകയുടെ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്നും ഇത് പദ്ധതി അടങ്കലിന്റെ ഏത്ര ശതമാനം വീതമായിരുന്നുവെന്നും ഏതൊക്കെ വകുപ്പുകളിൽ എത്ര തുക വീതം വെട്ടിക്കുറച്ചിരുന്നുവെന്നും അറിയിക്കാമോ;

(സി) ഈ കാലയളവിൽ ഓരോ വർഷവും പദ്ധതി ചെലവ് എത്ര തുക വീതമായിരുന്നുവെന്നും ഈ തുക ആദ്യം അംഗീകരിച്ച പദ്ധതി അടങ്കലിന്റെ എത്ര ശതമാനം വീതം വരുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള വാർഷിക പദ്ധതിയുടെ തുക (അംഗീകരിച്ചത്) ചുവടെ കൊടുക്കുന്നു.

വർഷം	അംഗീകരിച്ച പദ്ധതി തുക (രൂപ കോടിയിൽ)
2001-02	3015.00
2002-03	4026.00

LIBRARY ARCHIVES Kerala Legislative Assembly